# പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിലെ ധൈഷണികപ്രവണതകൾ

6

ആധുനിക യുഗത്തിന്റെ ആരംഭത്തിൽ മനുഷ്യന്റെ സാമ്പത്തിക-സാമൂഹ്യ ജീവിതത്തിലുണ്ടായ മാറ്റങ്ങളും അത് മനുഷ്യചിന്തയുടെ നാനാമേഖലകളിൽ ചെലുത്തിയ സ്വാധീനവും മുൻ അദ്ധ്യായത്തിൽ മനസ്സിലാക്കിയിട്ടുണ്ടല്ലോ. മനുഷ്യന്റെ ചിന്താപ്രക്രിയയിലെ പുതിയ രീതികൾ 18-ാം നൂറ്റാണ്ടിൽ ഉദയം ചെയ്തു. പത്തൊൻപതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭ കാലത്തും മനുഷ്യന്റെ ആശയങ്ങളിലും സങ്കല്പനത്തിലും ഉണ്ടായ ധൈഷ ണികമായ വികാസത്തിന്റെ വേരുകൾ യൂറോപ്പിലാണെന്നു കാണാവുന്ന താണ്.

തത്ത്വശാസ്ത്രം, സാഹിത്യം, കല, ശാസ്ത്രം, സാങ്കേതികവിദ്യ എന്നീ മണ്ഡ ലങ്ങളിലുണ്ടായ പ്രധാനപ്പെട്ട സംഭവവികാസങ്ങളെയാണ് ഈ അദ്ധ്യായ ത്തിൽ പരിചയപ്പെടുത്തുന്നത്. ഇവയാകട്ടെ പത്തൊമ്പതും ഇരുപതും നൂറ്റാ ണ്ടുകളിലെ സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക പ്രസ്ഥാനങ്ങളെ സ്വാധീ നിക്കുകയും ചെയ്തു.

## ജ്ഞാനോദയത്തിന്റെ അപചയം

പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യമായപ്പോഴേയ്ക്കും ജ്ഞാനോദയം ഉണർത്തി വിട്ട ആശയങ്ങൾ യൂറോപ്പിലെ ദാർശനികരുടെ ഭാവനയെ പ്രചോദിപ്പിക്കാ തായി. സാഹിത്യകാരന്മാരും കലാകാരന്മാരും ജ്ഞാനോദയത്തിന്റെ അടി സ്ഥാന തത്ത്വങ്ങളോടുള്ള വിപ്രതിപത്തി പ്രകടമാക്കിത്തുടങ്ങി. ജ്ഞാനോ ദയകാലത്തെ ആശയങ്ങളായ ദേശീയത, ശാസ്ത്രീയവീക്ഷണം, യുക്തി ചിന്ത എന്നിവ മാനവരാശിക്ക് യഥാർത്ഥത്തിൽ എന്തെങ്കിലും നന്മചെയ്യുമോ എന്ന കാര്യത്തിൽ ദാർശനികർ സംശയം പ്രകടിപ്പിക്കുവാൻ തുടങ്ങിയി രുന്നു.

ജ്ഞാനോദയസിദ്ധാന്തങ്ങളോടുള്ള അപ്രിയത്തിൽ നിന്ന് യൂറോപ്പിൽ രണ്ട് ചിന്താധാരകൾ രൂപം കൊണ്ടു: കാല്പനികതയും ആശയവാദവും. വാസ്ത വത്തിൽ ഈ രണ്ട് ചിന്താധാരകളുടേയും അടിത്തറ ജ്ഞാനോദയദർശന ത്തിലാണ്. കലയും സാഹിത്യവുമടക്കമുള്ള സാംസ്കാരികജീവിതത്തെയും രാഷ്ട്രീയജീവിതത്തെയും സ്വാധീനിക്കുന്ന പ്രസ്ഥാനങ്ങളായി കാലാന്തര ത്തിൽ ഇവ വികസിക്കുകയും ചെയ്തു. ജർമ്മനി, ഫ്രാൻസ്, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിലാണ് ഈ നവീന ചിന്തയുടെ സ്വാധീനം ആദ്യം അനുഭവപ്പെട്ടത്.



ജ്ഞാനോദയകാലഘട്ടത്തിൽ നിന്ന് ലഭിച്ച ആശയങ്ങളാണ് കാല്പനികതയ്ക്കും ആശയവാദത്തിനും അടിസ്ഥാനം-വിശകലനാത്മകമായി പരിശോധിക്കുക.

## പത്തൊൻപതാം നൂറ്റാണ്ടിലെ കാല്പനികപ്രസ്ഥാനം (Romanticism)


പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിലുമായി ദർശനത്തിലും സാഹിത്യത്തിലും കലയിലും ഉണ്ടായ ശ്രദ്ധേയമായ സംഭവവികാസമാണ് കാല്പനിക പ്രസ്ഥാനം. പതിനെട്ടാം നൂറ്റാണ്ടിലെ ജ്ഞാനോദയത്തിന്റെ തുടർച്ചയെന്ന നിലയിലും പിന്നീട് അതിനെതിരെയുള്ള പ്രതിഷേധമെന്ന നിലയിലുമാണ് ഇത് തുടങ്ങിയത്.



വില്ല്യം വേർഡ്സ്വർത്ത്


ജ്ഞാനോദയത്തിൽ അധിഷ്ഠിതമായിരുന്ന സിദ്ധാന്തങ്ങളിൽ നിന്നും വഴിപിരിഞ്ഞ ഒന്നാണ് കാല്പനികപ്രസ്ഥാനം. സാഹിത്യത്തിലും കലയിലുമുണ്ടായിരുന്ന ക്ലാസിക്കൽ പ്രവണതയ്ക്കെതിരെയുള്ള കലാപമായിരുന്നു അത്. യുക്തിയുടെയും വ്യവസ്ഥയുടെയും ശാസ്ത്രത്തിന്റേയും പ്രാമാണികതയെ കാല്പനികപ്രസ്ഥാനം ചോദ്യം ചെയ്തു. ഇതിനെതിരെ ആത്മനിഷ്ഠതയ്ക്കും ഭാവുകത്വത്തിനും വൈകാരികതയ്ക്കും നൈസർഗികതയ്ക്കും അത് മുൻഗണന നൽകി. വസ്തുക്കളെ നിരീക്ഷിക്കുമ്പോൾ നിരീക്ഷകന്റെ താത്പര്യങ്ങൾ അവയെ സ്വാധീനിക്കും. വ്യക്തികളുടെ അഭിരുചി വ്യത്യാസങ്ങൾക്ക് ഈ നിരീക്ഷണത്തിൽ സ്ഥാനമുണ്ട്. നിരീക്ഷിക്കപ്പെടുന്ന വസ്തു ജനിപ്പിക്കുന്ന വികാരങ്ങൾ നിരീക്ഷകർക്ക് വ്യത്യസ്തമായാണ് അനുഭവപ്പെടുക. ഏതിനും പ്രകൃതിയുടെ സൗന്ദര്യത്തെ പ്രമാണമായി എടുക്കണം.

ചാൾസ് ഡിക്കൻസ്




പ്രപഞ്ചസൗന്ദര്യം, പ്രേമം, ചിന്താസ്വാതന്ത്ര്യം എന്നീ പ്രമേയങ്ങളാണ് കാല്പനികസാഹിത്യകാരന്മാർ കൈകാര്യം ചെയ്തത്. യൂറോപ്യൻ ഭാഷകളിലെല്ലാം തന്നെ ഈ പ്രമേയങ്ങൾ സാഹിത്യകാരന്മാരുടെ ഇഷ്ടവിഷയങ്ങളായി. നോവൽ എന്ന സാഹിത്യരൂപം പ്രചാരം നേടുന്നതും ഇക്കാലത്താണ്. ചേരികളിലെ സാധാരണക്കാരുടെയും ഖനികളിലും യന്ത്രശാലകളിലും പണിയെടുക്കുന്ന കുട്ടികളുടേയും ദുരിതപൂർണ്ണമായ ജീവിതത്തെ അവതരിപ്പിക്കുന്നവയാണ് ഇംഗ്ലീഷ് സാഹിത്യകാരനായ ചാൾസ് ഡിക്കൻസിന്റെ നോവലുകൾ. ആദ്യസന്ദർശനം കഴിഞ്ഞ് അഞ്ചുവർഷത്തിനു ശേഷം വീണ്ടും ഒരു നദിക്കരയിലെത്തുന്ന കവിയുടെ മനസ്സ് പ്രകൃതിപ്രതിഭാസങ്ങൾക്കൊപ്പം താളം

വിക്തോർ യൂഗോ




യൂജിൻ ദെലക്രാ


ജോൺ കോൺസ്റ്റബിൾ

തുള്ളുമ്പോഴുണ്ടാകുന്ന 'മധുരിക്കുന്ന വേദനകളും മത്തുപിടിപ്പിക്കുന്ന ആനന്ദങ്ങളും' വിവരിക്കുന്നതാണ് ആംഗലകവിയായ വില്ല്യം വേർഡ്സ് വർത്തിന്റെ 'ടിന്റേൺ ആബി' (Tintern Abbey). മുറ്റി നിൽക്കുന്ന ധാന്യക്കതിരുകൾ മാടിവിളിക്കുന്ന 'ഏകാകിയായ കൊയ്ത്ത്കാരിയും' (Solitary Reaper) പ്രകൃതിരമണീയമായ താഴ്‌വരയുടെ ഏകാന്തതയിൽ ഒറ്റപ്പെട്ടുപോകുന്ന പെൺകുട്ടിയുടെ കഥ പറയുന്ന 'ലൂസി ഗ്രേ' (Lucy Gray) യും വേർഡ്സ് വർത്തിന്റെ കൃതികൾ തന്നെ. പ്രകൃതിപ്രതിഭാസങ്ങളിലെല്ലാം ഈശ്വരചൈതന്യം കാണാൻ കഴിയുന്ന മനുഷ്യന്റെ പ്രകൃത്യാരാധനാസ്വാതന്ത്ര്യം കാല്പനികകവികളുടെ മുഖ്യവിഷയമാണ്.

കവി, നാടകകൃത്ത്, നോവലിസ്റ്റ് എന്നീ നിലകളിൽ പ്രശസ്തനായ വിക്തോർ യൂഗോ (Victor Hugo) ആയിരുന്നു ഫ്രഞ്ച് കാല്പനികതയിലെ പ്രമുഖൻ. ഇദ്ദേഹത്തിന്റെ 'പാവങ്ങൾ' എന്ന നോവൽ ലോക ജനതയെ ശക്തമായി സ്വാധീനിച്ചു.

ക്ലാസിക്കൽ ശൈലിയിലുള്ള ഗ്രീക്കോ-റോമൻ പാരമ്പര്യത്തിൽ നിന്ന് പ്രകൃതിദൃശ്യങ്ങളെ ചിത്രീകരിക്കുന്നതിലാണ് കാല്പനിക പ്രസ്ഥാനത്തിലെ കലാകാരന്മാർ മുൻഗണന നൽകിയത്. ഫ്രഞ്ച് കലാകാരൻ യൂജിൻ ദെലക്രായും (Eugene Delacroix), ബ്രിട്ടീഷ് കലാകാരനായ ജോൺ കോൺസ്റ്റബിളുമാണ് (John Constable) ഈ മാറ്റത്തിന് തുടക്കം കുറിച്ചത്.

വാസ്തുശില്പത്തിലാകട്ടെ മധ്യകാല ഗോഥിക് ശൈലിയിലേക്ക് തിരിച്ചുപോകാൻ ഒരു ബോധപൂർവമായ ശ്രമം നടന്നതായി കാണാം. ബ്രിട്ടീഷ് പാർലമെന്റ് മന്ദിര നിർമ്മാണത്തിൽ ഈ ശൈലി പ്രതിഫലിക്കുന്നു.

കാല്പനിക കാലത്തെ സംഗീതം ജർമ്മൻ പിയാനിസ്റ്റും സംഗീതജ്ഞനുമായ ലുദ്‌വിഗ് ഫോൺ ബേഥോവനിൽ (Ludwig Von Beethoven) അതിന്റെ ഉച്ചസ്ഥായിലെത്തി.


കാല്പനികപ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടുകൂടി വ്യക്തിനിഷ്ഠവാദത്തിനും മനുഷ്യാവകാശങ്ങൾക്കും മാനുഷികവികാരങ്ങളുടേയും ഭാവനയുടേയും മൂല്യങ്ങൾക്കും പ്രാധാന്യം കല്പിക്കപ്പെട്ടു. സാഹിത്യത്തിലും കലയിലുമുണ്ടായ സ്വാധീനത്തെക്കൂടാതെ പത്തൊമ്പതാം നൂറ്റാണ്ടിലെ രാഷ്ട്രീയ സാമ്പത്തിക വീക്ഷണങ്ങളേയും അത് സ്വാധീനിച്ചു. എന്നു മാത്രമല്ല മധ്യകാലഘട്ടത്തെക്കുറിച്ചറിയുന്നതിനുള്ള

ദെലക്രാ വരച്ച ചിത്രം


ജോൺ കോൺസ്റ്റബിൾ വരച്ച ചിത്രം



ബ്രിട്ടീഷ് പാർലമെന്റ്


ലുദ്വിഗ് ഫോൺ ബേഥോവൻ


ഫ്രഡറിക് ഹേഗൽ

താത്പര്യം ജനിക്കുകയും ഭൂതകാലസംസ്കാരങ്ങളേയും സംഭവങ്ങളേയും കണ്ടെത്തുന്നതിനുള്ള ജിജ്ഞാസ വർദ്ധിക്കുകയും ചെയ്തു.

ദേശീയതയെ ഉത്തേജിപ്പിക്കുക എന്നതായിരുന്നു രാഷ്ട്രീയത്തിൽ കാല്പനികത ചെയ്തത്. രാഷ്ട്രങ്ങളുടെ പരമാധികാരത്തിനും ജനങ്ങളുടെ സ്വയം നിർണ്ണയാവകാശത്തിനും മുൻഗണന നൽകുന്ന ഒരു പ്രസ്ഥാനമായി അത് വളർന്നു. രാഷ്ട്രത്തെ സംബന്ധിച്ച ദർശനമവതരിപ്പിച്ച ജർമ്മൻ ചിന്തകൻ ഗയോർഗ് വിൽഹെം ഫ്രഡറിക് ഹേഗൽ (Georg Wilhelm Frederic Hegel) ഈ ഭാവനയുടെ ആത്യന്തികവക്താവാണ്.



യുക്തിക്കുമേൽ വികാരവും ബുദ്ധിക്കുമേൽ ഭാവനയും നേടിയ വിജയമായിരുന്നു കാല്പനികത-പരിശോധിക്കുക.

### ഉദാരതാവാദം (Liberalism)

ദേശീയതയുമായി അടുത്ത ബന്ധം പുലർത്തിയ ദർശനമായിരുന്നു ഉദാരതാവാദം (Liberalism). അത് പ്രധാനമായും മധ്യവർഗ്ഗത്തിന്റെ രാഷ്ട്രീയ സങ്കല്പങ്ങളുടെ പ്രകടനമായിരുന്നു. വ്യാവസായികവിപ്ലവത്തിന്റെ ആവിർഭാവത്തോടുകൂടി പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ബ്രിട്ടനിൽ മധ്യവർഗ്ഗം ശക്തിപ്രാപിച്ചു. ഇവർക്കിടയിൽ പാർലമെന്ററി ഭരണവ്യവസ്ഥയോടുള്ള താത്പര്യം വർദ്ധിച്ചുവന്നു. നിയമവാഴ്ച, മനുഷ്യാവകാശ നിയമങ്ങൾ, പ്രായപൂർത്തിവോട്ടവകാശം എന്നീ ആവശ്യങ്ങൾ ഇതിന്റെ വക്താക്കൾ മുന്നോട്ടുവച്ചു.

### യഥാതഥ പ്രസ്ഥാനം (Realism)

പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ സാഹിത്യത്തിലും കലയിലും ഒരു പുതിയ പ്രവണത ഉടലെടുത്തു. വസ്തുക്കളേയും വസ്തുതകളേയും അതേ രൂപത്തിൽ അവതരിപ്പിക്കണമെന്നുള്ള അഭിലാഷത്തിനാണ് അവർ ഊന്നൽ നൽകിയത്. കലാകാരന്മാരും സാഹിത്യകാരന്മാരും അവരുടെ പ്രശ്നങ്ങളേയും പ്രമേയങ്ങളേയും സമീപിച്ചത് വികാരപരമായിട്ടല്ല. വസ്തുനിഷ്ഠവും യഥാർത്ഥവുമായ രീതിയിലായിരുന്നു അവർ അതു ചെയ്തത്. അതിനാൽ സാഹിത്യത്തിലേയും കലയിലേയും ഈ ശൈലിയെ യഥാതഥ പ്രസ്ഥാനം (Realism) എന്നു വിളിച്ചു.

പതിനെട്ടും പത്തൊൻപതും നൂറ്റാണ്ടുകളിലെ കാല്പനികപ്രസ്ഥാനങ്ങളോടുള്ള പ്രതിഷേധമാണ് യഥാതഥപ്രസ്ഥാനം. ഈ ശൈലീമാറ്റത്തിന് രണ്ടു കാരണങ്ങൾ കാണാവുന്നതാണ്. ഒന്ന്, മനുഷ്യചിന്തയുടെ ഒരു രൂപമായി ആധുനികശാസ്ത്രം ഉദയം ചെയ്തത്. രണ്ട്, യൂറോപ്പിലെ വിവിധഭാഗങ്ങളിൽ 1848-ൽ നടന്ന വിപ്ലവങ്ങൾ പരാജയപ്പെട്ടതിലുള്ള മോഹഭംഗം.

ലോർഡ് ടെന്നിസൺ




റോബർട്ട് ബ്രൗണിംഗ്


ഇമ്മാനുവൽ കാന്റ്

പത്തൊമ്പതാം നൂറ്റാണ്ടിലെ ശാസ്ത്രപുരോഗതി കാല്പനിക പ്രസ്ഥാനത്തിന് മങ്ങലേൽപ്പിച്ചു. മനുഷ്യാദ്ധ്വാനത്തിന് പകരം വയ്ക്കാവുന്നതാണ് യന്ത്രം എന്ന വാദം മനുഷ്യന്റെ കഴിവിനെ അപ്രധാനമാക്കി. ജന്തുജാലങ്ങൾ പിറവിയെടുത്തത് പരിണാമത്തിലൂടെയാണ് എന്ന സിദ്ധാന്തം സൃഷ്ടിയിൽ ഈശ്വരന്റെ പങ്കിനെക്കുറിച്ചുള്ള ധാരണയിൽ മാറ്റം വരുത്തി. ഇത് സാഹിത്യകാരൻമാരുടെ കാല്പനിക ഭാവനയ്ക്ക് വെല്ലുവിളി ഉയർത്തി. ഭാവനയുടെ നിറം ചേർക്കാതെ വസ്തുക്കളെ തനതു രൂപത്തിൽ അവതരിപ്പിക്കണമെന്നാണ് യഥാതഥപ്രസ്ഥാനക്കാർ വാദിച്ചത്. ഇംഗ്ലീഷ് സാഹിത്യത്തിൽ ആൽഫ്രഡ് ലോഡ് ടെന്നിസണും മാത്യൂ ആർനോൾഡും റോബർട്ട് ബ്രൗണിംഗും ഈ പ്രസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന കവികളാണ്. പത്തൊമ്പതാം നൂറ്റാണ്ടിലെ ശാസ്ത്രപുരോഗതിയുടെയും രാഷ്ട്രീയ സംഭവങ്ങളുടെയും ഫലമാണ് യഥാതഥപ്രസ്ഥാനം.

## ജർമ്മൻ ആശയവാദം (German Idealism)

ആശയവാദത്തിന് ഒരു പുനരുജ്ജീവനമുണ്ടാകുന്നത് പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ്. തത്ത്വചിന്തയുടെ ഒരു ശാഖയാണ് ആശയവാദം (Idealism). ആശയമാണ് പ്രഥമവും പ്രധാനവുമെന്നും ഭൗതികപദാർത്ഥങ്ങൾക്ക് ദ്വിതീയ സ്ഥാനമേയുള്ളൂവെന്നും ആശയവാദം പറയുന്നു.

ആശയവാദത്തിന്റെ പുതിയ വക്താക്കൾ ജർമ്മൻ ചിന്തകരായിരുന്നു. ഇമ്മാനുവേൽ കാന്റ് (Immanuel Kant), ഹെഗൽ എന്നിവരാണ് ആശയവാദത്തിന് പുതുജീവൻ നൽകിയത്. ഒരു ആശയത്തിന് സാമൂഹിക ജീവിതത്തെ മാറ്റി മറിക്കാൻ കഴിയുമെന്നാണ് ജർമ്മൻ ആശയവാദികൾ വിശ്വസിച്ചിരുന്നത്. സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ ജീവിതത്തിന്റെ പ്രാധാന്യം നിഷേധിക്കുന്നതും ആത്മീയതയ്ക്ക് ഊന്നൽ നൽകുന്നതുമായ മുൻകാല ആശയവാദത്തിൽ നിന്നും വ്യത്യസ്തമായിരുന്നു ഇവരുടെ കാഴ്ചപ്പാട്. മതനിഷ്ഠമോ ആത്മീയമോ ആയ ആശയവാദം സാമൂഹ്യജീവിതത്തെ മാറ്റിമറിക്കാൻ കഴിയുന്നതാണ് എന്ന് ഇവർ വാദിച്ചു.

## പ്രത്യക്ഷാനുഭവവാദം (Positivism)


മനുഷ്യമനസ്സിൽ നിന്നുമാണ് ആശയം പിറവിയെടുക്കുന്നതെന്ന കാന്റിന്റേയും ഹേഗലിന്റേയും വാദത്തിനു ബദലായി മറ്റൊരുകൂട്ടം ചിന്തകർ പറയുന്നത് ഭൗതിക സാഹചര്യങ്ങളാണ് ആശയത്തെ രൂപപ്പെടുത്തുന്നത് എന്നാണ്. ഇതിനെയാണ് പ്രത്യക്ഷാനുഭവവാദം എന്നു പറയുന്നത്. ആത്മീയതയ്ക്ക് മുൻഗണന നൽകിയ മുൻകാല ചിന്താഗതിയിൽ നിന്നുമുള്ള വ്യതിയാനമായിരുന്നു ഇത്.

## ഭൗതികവാദം (Materialism)

പ്രത്യക്ഷാനുഭവവാദത്തെ അടിസ്ഥാനമാക്കി ജർമ്മൻ ചിന്തകനായ കാൾ മാർക്സ് ഒരു നൂതന സിദ്ധാന്തത്തിന് രൂപം നല്കി. മനുഷ്യനു ചുറ്റുമുള്ള സകല പ്രതിഭാസങ്ങളും മാറിക്കൊണ്ടിരിക്കുന്നു എന്നതാണ് വസ്തുത. ആശയമാണ് മാറ്റത്തിനടിസ്ഥാനമെന്നാണ് ഹെഗൽ വാദിച്ചപ്പോൾ ഭൗതിക ശക്തികളാണ് മാറ്റമുണ്ടാക്കുന്നത് എന്ന് മാർക്സ് വിശദീകരിച്ചു. ദാർശനികർ ഇന്നേവരെ ലോകത്തെ വ്യാഖ്യാനിക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ, ലോകത്തെ മാറ്റിമറിക്കുകയാണ് കൂടുതൽ പ്രധാനം എന്ന് അദ്ദേഹം വാദിച്ചു. അദ്ദേഹത്തിന്റെ രാഷ്ട്രീയ-സാമ്പത്തിക സിദ്ധാന്തങ്ങൾ മുമ്പൊരദ്ധ്യായത്തിൽ പഠിച്ചിട്ടുണ്ടല്ലോ.

## ശാസ്ത്രം 19-ാം നൂറ്റാണ്ടിൽ

ശാസ്ത്രസാങ്കേതികരംഗങ്ങളിൽ സുപ്രധാനമായ കണ്ടുപിടുത്തങ്ങൾ 19-ാം നൂറ്റാണ്ടിലുണ്ടായി. ഭൗതികശാസ്ത്രത്തിലും വൈദ്യശാസ്ത്രത്തിലും


ചാൾസ് ഡാർവിൻ


ഗോർഡൻ ചൈൽഡ്


വലിയ പുരോഗതിയുണ്ടായി. വ്യാവസായിക വിപ്ലവത്തിന്റെ വ്യാപനത്തോടുകൂടി സാങ്കേതികവിദ്യയിലും വികാസമുണ്ടായി.

പത്തൊമ്പതാം നൂറ്റാണ്ടിൽ മനുഷ്യന്റെ വീക്ഷണത്തെയാകെ മാറ്റിമറിച്ച കണ്ടുപിടുത്തമായിരുന്നു പരിണാമസിദ്ധാന്തം. ലഘുവായ പൂർവ്വരൂപങ്ങളിൽ നിന്ന് പരിണമിച്ചിട്ടുണ്ടായതാണ് ഓരോ ജീവിയുമെന്നാണ് പരിണാമസിദ്ധാന്തം (Theory of evolution) പറയുന്നത്. മാറ്റത്തിനു വിധേയമാവാത്ത ഒരു ജീവിയുമില്ല എന്ന് ഈ സിദ്ധാന്തം വിശദീകരിക്കുന്നു.

ഇംഗ്ലീഷ് പ്രകൃതിശാസ്ത്രജ്ഞനായ ചാൾസ് ഡാർവിൻ ആണ് ഈ സിദ്ധാന്തം ആവിഷ്ക്കരിച്ചത്. അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ 1859-ൽ പ്രസിദ്ധീകരിച്ച 'ജീവജാലങ്ങളുടെ ഉല്പത്തി', 1871-ൽ പ്രസിദ്ധീകരിച്ച 'മനുഷ്യന്റെ അവതാരം' എന്നീ കൃതികളിൽ കാണാം.

ആസ്ട്രിയൻ പുരോഹിതനായിരുന്ന റവറന്റ് ഗ്രിഗോർ മെൻഡൽ ജനിതകശാസ്ത്രത്തിൽ സുപ്രധാനമായ സംഭാവന നൽകി.

ജീവശാസ്ത്രത്തെ മാത്രമല്ല മാനവിക വിജ്ഞാനം, സാമൂഹിക ശാസ്ത്രം തുടങ്ങി വിജ്ഞാനത്തിന്റെ നാനാമേഖലകളേയും പരിണാമസിദ്ധാന്തം സ്വാധീനിച്ചു. ലോകം സൃഷ്ടിക്കപ്പെട്ടതാണെന്ന സിദ്ധാന്തത്തെ അത് നിരാകരിക്കുകയും പരിണമിച്ചുണ്ടായതാണെന്ന സിദ്ധാന്തം മുന്നോട്ട് വയ്ക്കുകയും ചെയ്തു.


ഹെർബർട്ട് സ്പെൻസർ

ചരിത്രം, സാമൂഹികശാസ്ത്രം, നരവംശ ശാസ്ത്രം തുടങ്ങിയ വിജ്ഞാനമേഖലകളിൽ പരിണാമ സിദ്ധാന്തം വലിയ മാറ്റങ്ങൾക്കിടയാക്കി. സാമൂഹ്യ ശാസ്ത്ര വിഷയങ്ങളിലേക്കുള്ള ഈ സിദ്ധാന്തത്തിന്റെ പ്രയോഗത്തെ 'സോഷ്യൽ ഡാർവിനിസം' എന്നു വിളിക്കുന്നു. ഉത്തമമായതേ അതിജീവിക്കൂ (Survival of the fittest) എന്ന സിദ്ധാന്തം സാമ്രാജ്യത്വത്തെയും ആഫ്രോ-ഏഷ്യൻ രാജ്യങ്ങളിലെ പാശ്ചാത്യാധിനിവേശത്തെയും ന്യായീകരിക്കുന്നതിനുവേണ്ടി ഉപയോഗപ്പെടുത്തി. വംശമഹിമ ഉയർത്തിപിടിക്കുന്നതിനായി ജർമ്മനിയിൽ നാസികൾ ഈ സിദ്ധാന്തത്തെ ഉപയോഗിച്ചു.

സാമൂഹ്യശാസ്ത്ര പഠനത്തിന് ഈ സിദ്ധാന്തം ഫലപ്രദമായി ഉപയോഗപ്പെടുത്താമെന്ന് ബ്രിട്ടീഷ് സാമൂഹ്യ ശാസ്ത്രകാരനായ ഹെർബർട്ട് സ്പെൻസർ അഭിപ്രായപ്പെട്ടു.

അതിപ്രാചീനകാലത്തെ ചരിത്രത്തെയും സംസ്കാരത്തെയും വ്യാഖ്യാനിക്കുന്നതിന് പരിണാമ സിദ്ധാന്തം ഉപയോഗപ്രദമാണെന്ന് ആസ്ട്രേലിയൻ പുരാതത്ത്വശാസ്ത്രജ്ഞനായ ഗോർഡൻ ചൈൽഡ് കണ്ടെത്തി.



ശാസ്ത്രരംഗത്തുണ്ടായ കണ്ടുപിടിത്തങ്ങൾ സാമൂഹ്യ ചരിത്രമേഖലകളിലെ മാറ്റങ്ങൾ വിശദീകരിക്കാൻ സഹായകമായി. ജ്ഞാനോദയ കാലഘട്ടം, ആധുനിക ശാസ്ത്ര വിപ്ലവം ഇവയുടെ അടിസ്ഥാനത്തിൽ ഈ പ്രസ്താവന വിശകലനം ചെയ്യുക.

## ഇരുപതാം നൂറ്റാണ്ടിലെ ശാസ്ത്രവും പുതിയ ചിന്താപദ്ധതികളും

വ്യക്തിയിലും സമൂഹത്തിലും ശാസ്ത്രത്തിന്റെ സ്വാധീനം ഇരുപതാം നൂറ്റാണ്ടിൽ വളരെ പ്രകടമായി. ശാസ്ത്രജ്ഞർ പരീക്ഷണശാലകളിൽ നടത്തുന്ന ഏകാന്തമായ ഒരന്വേഷണമായിരുന്നില്ല ഇരുപതാം നൂറ്റാണ്ടിലെ ശാസ്ത്രം. അത് അനേകം ജനങ്ങളുമായും വിജ്ഞാനശാഖകളുമായും ബന്ധപ്പെട്ടതാണ്.



മാക്സ് പ്ലാങ്ക്, ആൽബർട്ട് ഐൻസ്റ്റെൻ

ഭൗതികശാസ്ത്രത്തിലാണ് ഗണ്യമായ പുരോഗതിയുണ്ടായത്. മാക്സ് പ്ലാങ്കിന്റെ (Max Planck) ക്വാണ്ടം ബലതന്ത്രവും ആൽബർട്ട് ഐൻസ്റ്റെന്റെ (Albert Einstein)ആപേക്ഷിക സിദ്ധാന്തവും ഇതിനുദാഹരണങ്ങളാണ്. ദ്രവ്യത്തിന്റെ ഏറ്റവും ചെറിയ ഘടകമായ അണുവിനെ വിഭജിക്കാമെന്നും അപ്പോൾ ഊർജ്ജം ഉൽപ്പാദിപ്പിക്കപ്പെടുമെന്നും ഏണസ്റ്റ് റതർഫോർഡ് കണ്ടുപിടിച്ചു. അണുവിന്റെ വിഭജനം പോലെത്തന്നെ അതിന്റെ സംയോജനവും ഊർജ്ജോല്പാദനം സാദ്ധ്യമാക്കുമെന്നും പിന്നീട് കണ്ടെത്തി. ഹിരോഷിമയിലും നാഗസാക്കിയിലും വീണ ബോംബുകൾ ഇതിന്റെ വിനാശകരമായ പ്രയോഗമാണ്. എന്നാൽ സമാധാനപരമായ ആവശ്യങ്ങൾക്കും ആണവശക്തി പ്രയോഗിക്കാം.

ഏണസ്റ്റ് റതർഫോർഡ്



ഇത്തരം കണ്ടുപിടുത്തങ്ങൾ ശാസ്ത്രലോകത്തെ മാത്രമല്ല സാമൂഹ്യദർശനങ്ങളേയും ബഹുദൂരം മുന്നോട്ട് നയിച്ചു.

ശാസ്ത്രരംഗത്തെ കണ്ടുപിടുത്തങ്ങളെ സൈനികാവശ്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്താമെന്നുള്ള തിരിച്ചറിവ് ഈ മേഖലയിൽ രാഷ്ട്രങ്ങളുടെ ഇടപെടലിന് കളമൊരുക്കി.

## സാഹിത്യവിമർശനത്തിലും തത്ത്വചിന്തയിലും പുതുപ്രവണതകൾ

വ്യവസായം, ശാസ്ത്രം, സാങ്കേതികവിദ്യ എന്നീ രംഗങ്ങളിൽ ഇരുപതാം നൂറ്റാണ്ടിലുണ്ടായ വിപ്ലവകരമായ മാറ്റങ്ങൾ ജനജീവിതത്തെ പത്തൊൻപതാം നൂറ്റാണ്ടിൽ നിന്നും വ്യത്യസ്തമാക്കി. തൽഫലമായി സാഹിത്യത്തിൽ പുതുസമീപനങ്ങളും ശൈലികളും ഉദയം ചെയ്തു.

തത്ത്വചിന്തയിലും സാഹിത്യവിമർശനത്തിലും ഇരുപതാം നൂറ്റാണ്ടിൽ ഉടലെടുത്ത രണ്ട് പ്രസ്ഥാനങ്ങളാണ് ആധുനികതയും ഉത്തരാധുനികതയും.

ജ്ഞാനോദയ കാലഘട്ടം മുതൽ അഭ്യസ്തവിദ്യരായ മദ്ധ്യവർഗ്ഗമനുഷ്യരുടെ ചിന്താഗതിയിലുണ്ടായ ആത്മവിശ്വാസമാണ് പ്രകൃതിയേയും പ്രപഞ്ചത്തേയും കീഴടക്കാമെന്നുള്ളത്. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടി വ്യാവസായിക വിപ്ലവത്തിന്റെ ദുരന്തഫലങ്ങൾ യൂറോപ്പിലും വടക്കേ അമേരിക്കയിലും നഗരജീവിതം ദുരിതമയമാക്കി. ഇതിനെതിരെയുള്ള പ്രതിഷേധത്തിന്റെ പ്രതിഫലനം കലയിലും സാഹിത്യത്തിലും പ്രത്യക്ഷപ്പെട്ടു. ഈ പ്രതിഭാസമാണ് ആധുനികത (Modernism) എന്ന പേരിൽ അറിയപ്പെടുന്നത്. സാഹിത്യത്തിലും കലയിലും സ്വാധീനം ചെലുത്തിയിരുന്ന ക്ലാസ്സിക്കൽ സങ്കല്പങ്ങളോട് ആധുനികതാവാദികൾ കലഹിക്കുകയും അമൂർത്തങ്ങളായ

നോം ചോസ്കി



രീതികളും ശൈലികളും ആവിഷ്ക്കരിക്കുകയും ചെയ്തു.

ഒരു പുതിയ രീതിയിൽ ലോകത്തിന്റെ അർത്ഥമെന്ത് എന്നന്വേഷിക്കാൻ തത്ത്വചിന്തകരും ഭാഷാശാസ്ത്രജ്ഞരും സാമൂഹ്യശാസ്ത്രകാരൻമാരും 1960-കൾ മുതൽ അന്വേഷണം ആരംഭിച്ചു. സാഹിത്യരചനകളുടേയും കലാസൃഷ്ടികളുടേയും മൂർത്തരൂപങ്ങളുടെ പരമ്പരാഗതമായ അർത്ഥതലങ്ങളെ ഇക്കൂട്ടർ ചോദ്യം ചെയ്തു. ഒരു കൃതിക്ക് പല അർത്ഥതലങ്ങൾ ഉണ്ടാകുമെന്നും അതിനാൽ ആ കൃതിയെ പല തരത്തിൽ വായിക്കാമെന്നും ഇവർ വാദിച്ചു. ഇത്തരം വാദഗതികളാണ് ഉത്തരാധുനികത(Post Modernism) എന്ന പേരിലറിയപ്പെടുന്നത്. ഇതിന്റെ വക്താക്കളായ പല ചിന്തകരും അഭിപ്രായപ്പെടുന്നത് ഉത്തരാധുനികത എന്നത് സിദ്ധാന്തങ്ങൾക്കതീതമായ ഒരു ജീവിതസാഹചര്യമാണെന്നാണ്. ഈ സിദ്ധാന്തത്തിന്റെ ചില പ്രമുഖ വക്താക്കളാണ് ഫ്രഞ്ച് ചിന്തകനും ചരിത്രകാരനുമായ മിഷേൽ ഫൂക്കോ (Michel Foucault), ഫ്രഞ്ചുകാരൻതന്നെയായ ഴാക്ക് ദെറീദ (Jacques Derrida), അമേരിക്കൻ ഭാഷാശാസ്ത്രജ്ഞനും രാഷ്ട്രീയ ചിന്തകനുമായ നോം ചോംസ്കി (Noam Chomsky) തുടങ്ങിയവർ.

രണ്ടാം ലോകയുദ്ധത്തിനുശേഷം ശാസ്ത്രരംഗത്ത് ഉണ്ടായ ശ്രദ്ധേയമായ ഒരു നേട്ടമാണ് ബഹിരാകാശഗവേഷണം. ഭൂമിയുടെ ആകർഷണവലയത്തെ ഭേദിച്ചുകൊണ്ട് ബഹിരാകാശത്തേക്ക് സഞ്ചരിക്കാനുതകുന്ന വാഹനങ്ങളുടെ നിർമ്മാണമാണ് ഇത് സാദ്ധ്യമാക്കിയത്. ചന്ദ്രനിൽ കാലുകുത്താനും മറ്റു ഗ്രഹങ്ങളിലേക്ക് പര്യവേഷണ പേടകങ്ങളയയ്ക്കാനും ആധുനിക ശാസ്ത്രത്തിന് കഴിഞ്ഞു. കൃത്രിമോപഗ്രഹങ്ങൾ വിക്ഷേപിച്ച് കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ചും പ്രകൃതിവിഭവങ്ങളെക്കുറിച്ചും പഠിക്കാൻ ഇന്ന് സാധിക്കുന്നുണ്ട്. വാർത്താവിനിമയത്തിൽ വന്ന സ്ഫോടനാത്മകമായ വികാസത്തിനു പിന്നിലും ഇതാണ്.

ജനിതകസാങ്കേതികവിദ്യയിൽ വിസ്മയകരമായ പുരോഗതിയാണ് ശാസ്ത്രം കൈവരിച്ചിരിക്കുന്നത്. ക്ലോണിംഗിലൂടെ ജീവൻ സൃഷ്ടിക്കാമെന്ന് തെളിയിച്ചിരിക്കുന്നു.


വിവരവിനിമയ സാങ്കേതികവിദ്യയിലുണ്ടായ പുരോഗതിമൂലം വിജ്ഞാനം അക്ഷരാർത്ഥത്തിൽ വിരൽത്തുമ്പിലായി. വിദ്യാഭ്യാസരംഗത്ത് ഈ ശാസ്ത്രശാഖയുടെ പ്രയോഗം വളരെ ഫലപ്രദമാണെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു.



പത്തൊൻപത്, ഇരുപത് നൂറ്റാണ്ടുകളിലെ വിവിധ ധൈഷണിക പ്രവണതകൾ, അതിന്റെ വക്താക്കൾ എന്നിവ ഉൾക്കൊള്ളുന്ന ഒരു പട്ടിക തയ്യാറാക്കുക.

ഉത്പാദനോപകരണങ്ങളുടെ അനുസ്യൂതമായ നവീകരണം മനുഷ്യന്റെ സാമ്പത്തിക-സാമൂഹിക ജീവിതത്തിലും ചിന്താമണ്ഡലത്തിലും മാറ്റം വരുത്തുമെന്ന് കണ്ടല്ലോ. ശാസ്ത്രരംഗത്തെ പുരോഗതിയും മനുഷ്യചിന്തയെ സ്വാധീനിക്കുന്നു. മനുഷ്യചിന്ത സാമൂഹ്യമാറ്റത്തിനുള്ള പ്രേരകശക്തിയായി പ്രവർത്തിക്കുകയും ചെയ്യുന്നു. മനുഷ്യ സമൂഹത്തിന്റെ ഇന്നേവരെയുള്ള ജീവിതത്തിൽ ഇത് കാണാവുന്നതാണ്.

## പ്രവർത്തനങ്ങൾ



- വ്യാവസായികവിപ്ലവത്തിന്റെ ഫലമായി ഉല്പാദനവ്യവസ്ഥയിൽ ഉണ്ടായ മാറ്റം വഴി ഫ്രാൻസ്, ജർമ്മനി, ഇംഗ്ലണ്ട് എന്നീ രാഷ്ട്രങ്ങളിലെ സാംസ്കാരിക-രാഷ്ട്രീയ ചിന്തകളിൽ ഉണ്ടായ പരിവർത്തനം സംബന്ധിച്ച് ഒരു പതിപ്പ് തയ്യാറാക്കുക.
- പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിലെ ശാസ്ത്ര-സാങ്കേതിക മേഖലകളിലെ വികാസം മനുഷ്യചിന്തകളിൽ വരുത്തിയ മാറ്റം എന്ന വിഷയത്തെക്കുറിച്ച് ഒരു സെമിനാർ സംഘടിപ്പിക്കുക.